# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 1382 — 13.07.2016 ൽ മറുപടിയ്ക്ക്

### സംസ്ഥാനത്തെ ജയിലുകളിൽ രോഗികളായ തടവുകാർക്ക് ചികിത്സ

| ചോദ്യം<br>ശ്രീ. മഞ്ഞളാംകുഴി അലി | | ഉത്തരം<br>ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ ജയിലുകളിൽ രോഗികളായ തടവുകാർക്ക് യഥാസമയം ചികിത്സ നൽകുന്നതിന് പ്രത്യേക ശ്രദ്ധ നൽകാറുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (എ) | സംസ്ഥാനത്തെ ജയിലുകളിലെ രോഗികളായ തടവുകാർക്ക് അവരുടെ രോഗാവസ്ഥയനുസരിച്ച് കൃത്യമായ ചികിത്സ നൽകിവരുന്നുണ്ട്. |
| (ബി) | സംസ്ഥാനത്തെ എല്ലാ ജയിലുകളിലും മുഴുവൻ സമയ മെഡിക്കൽ ഓഫീസറുടെ സേവനം തടവുകാർക്ക് ലഭ്യമാണോ ; ഇല്ലെങ്കിൽ എത്ര ജയിലുകളിൽ ഇവരുടെ സേവന ലഭ്യമല്ലെന്ന് വെളിപ്പെടുത്താമോ ; | (ബി) | കേരളത്തിലെ മൂന്ന് സെൻട്രൽ ജയിലുകളിലും രണ്ട് തുറന്ന ജയിലുകളിലും എറണാകുളം ജില്ലാ ജയിലിലും മുഴുവൻ സമയ മെഡിക്കൽ ഓഫീസർമാരുടെ സേവനം ലഭ്യമാണ്. കേരളത്തിലെ 46 ജയിലുകളിൽ (ജില്ലാ ജയിലുകൾ-9, സ്പെഷ്യൽ സബ് ജയിലുകൾ-16, സബ് ജയിലുകൾ-16, വനിതാ ജയിലുകൾ-4, ബോർസ്റ്റൽ സ്കൂൾ, തൃക്കാക്കര-1) മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭ്യമല്ല. ഇവിടങ്ങളിലെ രോഗികളായ തടവുകാരെ ചികിത്സിക്കുന്നതിനായി ഏറ്റവും അടുത്തുള്ള ജില്ലാ ആശുപത്രികളിൽ നിന്നും ആഴ്ചയിൽ ഒന്നോ രണ്ടോ ദിവസം ഡോക്ടർമാർ ജയിലുകൾ സന്ദർശിച്ച് ചികിത്സ നൽകുകയും റഫർ ചെയ്യുന്ന രോഗികളെ അതാത് ജില്ലകളിലുള്ള ജനറൽ ആശുപത്രികൾ, മെഡിക്കൽ കോളേജ് ആശുപത്രികൾ, മാനസിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ അയച്ച് ചികിത്സ നൽകുകയും ചെയ്തു വരുന്നു. |
| (സി) | വിദഗ്ധ ചികിത്സക്കും പരിചരണത്തിനും മെഡിക്കൽ ഓഫീസർമാർ റഫർ ചെയ്യുന്ന | (സി) | വിദഗ്ധ ചികിത്സക്കും പരിചരണത്തിനും മെഡിക്കൽ ഓഫീസർമാർ റഫർ ചെയ്യുന്ന |

| | | | |
|---|---|---|---|
| | തടവുകാരെ ആശുപത്രികളിൽ എത്തിക്കുന്നതിന് പലപ്പോഴും ജയിൽ അധികൃതർ അലംഭാവം കാണിക്കുന്നതായുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | | തടവുകാരെ ആശുപത്രികളിൽ എത്തിക്കുന്നതിന് പോലീസ് എസ്കോർട്ട് ലഭ്യമല്ലാത്ത സാഹചര്യത്തിൽ അലംഭാവം കാണിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുള്ള കേസുകളിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്തെ എല്ലാ ജയിലുകളും മുഴുവൻ സമയ മെഡിക്കൽ ഓഫീസർമാരുടെ സേവനം ലഭ്യമാക്കുന്നതിനും യഥാസമയം തടവുകാർക്ക് ചികിത്സ ലഭിക്കുന്ന സാഹചര്യമൊരുക്കുന്നതിനും നടപടി സ്വീകരിക്കുമോ ? | (ഡി) | മുഴുവൻ സമയ മെഡിക്കൽ ഓഫീസർമാരുടെ സേവനം ലഭ്യമല്ലാത്ത ജയിലുകളിൽ പ്രസ്തുത സേവനം ലഭ്യമാക്കുന്നതിന് മെഡിക്കൽ-പാരാ മെഡിക്കൽ സ്റ്റാഫുകളുടെ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ